# Deepika

## 14 August 2018

## Kochi, After Flood, Flood Affected Areas, Special Services, Department of Water Transport



# പ്രത്യേക സർവീസുമായി ജലഗതാഗത വകുപ്പ്

**കൊച്ചി:** ജില്ലയിൽ വെള്ളപ്പൊക്കം ബാധിച്ച സ്ഥലങ്ങളിൽ ജലഗതാഗത വകുപ്പ് ഡയറക്ടർ ഷാജി വി. നായരുടെ നിർദേശപ്രകാരം സംസ്ഥാന ജല ഗതാഗതവകുപ്പ് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ട പിഴല, കുറംകോട്ട, തന്തോന്നിത്തുരുത്ത് പ്രദേശങ്ങളിലെ സ്കൂൾ കുട്ടികൾ, പ്രായമായവർ തുടങ്ങിയവരെ മറ്റു സുരക്ഷിതമായ മേഖലകളിലേക്കു മാറ്റുന്നതിനു പ്രത്യേക സർവീസുകൾ നടത്തും.

ചങ്ങാടത്തെ ആശ്രയിച്ചിരുന്ന പ്രദേശങ്ങളിൽ പുഴയുടെ ഒഴുക്ക് കണക്കിലെടുത്തു ബോട്ടുകൾ ക്രമീകരിച്ചു. ഇതു കൂടാതെ രാത്രികാലങ്ങളിൽ കുറംകോട്ട ഭാഗത്തും പിഴല ഭാഗത്തും ഓരോ ബോട്ടുകൾ സ്റ്റേ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യത്തിൽ സഹായത്തിനായി ജലഗതാഗത വകുപ്പിന്റെ ഒരു ജല ആംബുലൻസും ജില്ലയിലെ ദ്വീപുകളും തുരുത്തുകളും കേന്ദ്രീകരിച്ച് സർവീസ് നടത്തും. ബന്ധപ്പെടാനുള്ള ഫോൺ നമ്പറുകൾ: കൺട്രോളിംഗ് സ്റ്റേഷൻ മാസ്റ്റർ: 9400050350, പ്രിൻസിപ്പൽ സ്റ്റേഷൻ മാസ്റ്റർ: 9400050348, ആംബുലൻസ് ബോട്ട്: 9400050354.